# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 844 28.04.2017-ൽ മറുപടിക്ക്

## പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാത കെ.എസ്.റ്റി.പി. ഏറ്റെടുത്തത് എന്നാണ്; റോഡിന്റെ ഏതൊക്കെ ഭാഗമാണ് ഇപ്പോൾ പുനരുദ്ധരിച്ചത്; ഇനിഏതു ഭാഗമാണ് പുനരുദ്ധരിക്കാനുള്ളത്; | (എ) പുനലൂർ- മൂവാറ്റുപുഴ സംസ്ഥാന പാതയുടെ ഭാഗമായ പൊൻകുന്നം - തൊടുപുഴ ഭാഗം കെ.എസ്.ടി.പി 28.05.2014 കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു കഴിഞ്ഞു. പുനലൂർ - പൊൻകുന്നം ഭാഗം കെ.എസ്.ടി.പി ഏറ്റെടുത്തിട്ടില്ല. ഈ ഭാഗമാണ് ഇനി പുനരുദ്ധരിക്കാനുള്ളത്. |
| (ബി) റോഡിന്റെ പുനരുദ്ധരിക്കാനുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര സ്ഥലം ഏതൊക്കെ വില്ലേജുകളിൽ നിന്ന് ഏറ്റെടുക്കാനുണ്ട് എന്ന് സർവ്വേ നമ്പർ സഹിതം ലഭ്യമാക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) പുനലൂർ - മൂവാറ്റുപുഴ പാതയുടെ ഇനി പുതുദ്ധരിക്കേണ്ട ഭാഗത്തെ നിർമ്മാണ നടപടികൾ ഏതു ഘട്ടം വരെയായി എന്ന അറിയിക്കാമോ; ഇതിന്റെ ടെണ്ടറിംഗ് കഴിഞ്ഞിട്ടുണ്ടോ; ഇനി എന്തൊക്കെ നടപടികളാണ് റോഡ് നവീകരണത്തിനായി പൂർത്തിയാക്കേണ്ടത്; ഏതൊക്കെ കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തിരിക്കുന്നത്; | (സി) പി.പി.പി വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പുനലൂർ - പൊൻകുന്നം സംസ്ഥാനപാതയുടെ നവീകരണത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ ലോകബാങ്കിന്റെ അംഗീകാരത്തിനു ശേഷം ആന്വുവിറ്റി ടെണ്ടർ ക്ഷണിക്കുന്നതും ആന്വുവിറ്റി ടെണ്ടർ ലഭിച്ച് ആയത് പരിശോധനയ്ക്ക് ശേഷം കുറഞ്ഞ കരാറുകാരനെ തിരഞ്ഞെടുത്ത് സർക്കാരിന്റെയും ലോകബാങ്കിന്റെയും അംഗീകാരം ലഭ്യമാക്കുകയും വേണം. അതിനു ശേഷം കരാറുകാരൻ രൂപീകരിക്കുന്ന കമ്പനിയുമായി (SPV) കൺസെഷൻ കരാർ ഒപ്പ് വെച്ച് കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കാ- |

വുന്നതാണ്. പ്രീ ക്വാളിഫിക്കേഷനിൽ പങ്കെടുത്ത കമ്പനികൾ താഴെ വിവരിക്കുന്നു.

1. M/s Dinesh Chandra, Agrawal Infracon Pvt. Ltd., Ahmedabad.
2. M/s Sreedhanya Construction (SDC) Thiruvananthapuram
3. M/s Dilip Buldion Ltd Bhopal.
4. M/s Essel Infra Projects Ltd. Mumbai
5. M/s KMC Construction Ltd. Hyderabad.
6. M/s IL & FS Transportation Network Ltd., Mumbai
7. M/s RKC Tropabuilt Pvt Ltd. (CM & OMN), Ahmedabad
8. M/s GHV-EKK-INKEC (JV), Perumbavoor.

| | | | |
|---|---|---|---|
| (ഡി) | റോഡ് നിർമ്മാണം ആരംഭിക്കാൻ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ തടസ്സം എന്താണെന്ന് അറിയിക്കാമോ? | (ഡി) | നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. |
| (ഇ) | തടസ്സങ്ങൾ നീക്കി റോഡ് നിർമ്മാണം എന്ന് ആരംഭിക്കാനാവും എന്ന് വ്യക്തമാക്കുമോ? | (ഇ) | ലോകബാങ്കിന്റെ അനുവാദം ലഭിച്ച് മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിൽ ഈ വർഷം അവസാനം തുടങ്ങുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

S. Bindu

സെക്ഷൻ ഓഫീസർ